# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4294 | 17.12.2014 -ൽ മറുപടിക്ക്

## പേ വിഷബാധയ്ക്കുള്ള മരുന്ന്

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. എം. ഹംസ : | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) | പേ വിഷബാധയ്ക്കുള്ള മരുന്ന് സർക്കാർ ആശുപത്രികളിൽ ലഭ്യമല്ല എന്ന കാര്യം ശ്രദ്ധയിലുണ്ടോ ; | (എ) | പേ വിഷബാധയ്ക്കുള്ള വാക്സിൻ സർക്കാർ ആശുപത്രികളിൽ ലഭ്യമാണ്. പേ വിഷബാധയ്ക്കുള്ള സിറത്തിന്റെ (Serum) ദൗർലഭ്യം നേരിടുന്നുണ്ട്. ഇത് പരിഹരിക്കുവാൻ ആശുപത്രി മേധാവികൾക്ക് അവ വാങ്ങുന്നതിനുള്ള അധികാരം നൽകിയിട്ടുണ്ട്. |
| (ബി) | തെരുവു നായ്ക്കളുടെ കടിയേറ്റ് ആശുപത്രികളിൽ ചികിത്സയ്ക്കായി എത്തുന്നവർക്ക് ഏതെല്ലാം പരിശോധനകൾ ആണ് നിലവിൽ നടത്തിവരുന്നത് ; | (ബി) | തെരുവു നായ്ക്കളുടെ കടിയേറ്റ് വരുന്ന രോഗികൾക്ക് പേ വിഷ ചികിത്സ ആരംഭിക്കുകയാണ് ആദ്യം ചെയ്യുന്നത്. ഇതിന് പ്രത്യേക പരിശോധനകൾ ആവശ്യമില്ല. |
| (സി) | പി.എച്ച്.സി. കളിലോ, സി.എച്ച്.സി. കളിലോ ഇത്തരം പരിശോധനകൾ നടത്തുന്നതിന് നിലവിൽ സംവിധാനം ഉണ്ടോ ; ഇല്ലെങ്കിൽ ഇത് ഏർപ്പെടുത്തുവാനായി എന്തെല്ലാം നടപടികൾ സ്വീകരിക്കും ; വിശദാംശം ലഭ്യമാക്കാമോ ? | (സി) | പേ വിഷബാധ പ്രതിരോധത്തിന് റാബീസ് വാക്സിൻ ആണ് നൽകുന്നത്. ഇത് നൽകുന്നതിനായി പ്രത്യേക പരിശോധനകൾ ആവശ്യമില്ല. ആയതിനാൽ ആശുപത്രികളിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ